"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം സെന്റ് അലോഷ്യസ് എച്ച്.എസ്.എസ - ലെ എച്ച്.എസ്.ടി ആയിരുന്ന ശ്രീമതി. ജോസഫൈൻ.വി.ജെ ഫയൽ ചെയ്ത WP(C) No.23662/2024 മേൽ ബഹു. ഹൈക്കോടതി യുടെ 20.11.2024 - ലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1479/2026/GEDN തീയതി,തിരുവനന്തപുരം, 20-02-2026

പരാമർശം:-

1. G.O(P)No.10/2010/G.Edn DATED 12.01.2010
2. സ.ഉ(പി)നം.199/2011/പൊ.വി.വ തിയതി 1/10/2011
3. ശ്രീമതി. ജോസഫൈൻ.വി.ജെ - യുടെ കൊല്ലം സെൻ്റ് അലോഷ്യസ് എച്ച്.എസ്.എസ് - ലെ എച്ച്.എസ്.എ ആയിരുന്ന കാലയളവിലെ നിയമന അംഗീകാരത്തിനായി സമർപ്പിച്ച 21/06/2024 തീയതിയിലെ ഹർജി(Ext.P5).
4. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 23662/2024 മേലുള്ള 20.11.2024 തീയതി വിധിന്യായം.
5. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/08/2025 തീയതിയിലെ DEOKLM/1156/2024-B3 നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08-09-2025 തീയതിയിലെ ഇ.റ്റി 1/16256/2025/ഡി.ജി.ഇ നമ്പർ കത്ത്.
7. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17/09/2025 തീയതിയിലെ DDEKLM/5222/2024-B3 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ഇരവിപുരം ജി.വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ (ഇംഗ്ലീഷ്) ആയി ജോലിചെയ്യുന്ന ശ്രീമതി. ജോസഫൈൻ.വി.ജെ - യുടെ കൊല്ലം സെൻ്റ് അലോഷ്യസ് എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ. ആയിരുന്ന കാലയളവിലെ നിയമന അംഗീകാരത്തിനായി ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത 23662/24 നമ്പർ റിട്ട്ഹർജിയിലെ 20.11.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നമായി ബന്ധപ്പെട്ട് 18.09.2025 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു.

2.ഹർജിക്കാരിയുടെ വാദം താഴെ പറയും പ്രകാരമായിരുന്നു :

1. ഹർജിക്കാരി ബഹുമാനപ്പെട്ട കേരള ഹൈകോടതി മുമ്പാകെ WP(C) NO. 23662 OF 2024 താഴെ പറയുന്ന പരിഹാരങ്ങൾക്കായി റിട്ട് ഹർജി ബോധിപ്പിച്ചിട്ടുള്ളതാണ് :

I. To issue a Writ of Mandamus or any other writ order or direction, compelling and commanding the Respondent No. 4 to approve the appointment of the Petitioner as H.S.A (Eng) 27.07.2006 to 23.07.2007 on the basis of Exhibit PI appointment order issued by the Respondent No.5, with all consequential benefits.

II. To declare that the stipulation contained in G.O(P)No.10/10/G.Edn dated 12.01.2010 has no applicability with the facts and circumstances of the case, and petitioner is entitled to get approval of appointment from 01.06.2010 itself, without insisting the Respondent No. 5 submit any declaration to appoint protected teachers, in the school under the educational agency.

III. To issue a Writ of Mandamus or any other writ order or direction compelling and commanding the Respondent No. 4 to sanction and disburse the salary and monetary benefits to the petitioner in the scale of H.S.A(Eng) w.ef. 27/07/2006 after adjusting the salary given.

IV. To Issue a Writ of Mandamus or any other writ order or direction compelling and commanding the Respondent No. 1 to consider Exhibit P4, representation submitted by the Petitioner, in accordance with law and to pass appropriate orders thereon in accordance with within a time frame that this Hon'ble Court may consider appropriate.

V. To grant such other reliefs or orders as this Hon'ble Court may deem fit and proper in the above case."

മേപ്പടി റിട്ട് ഹർജി 20/11/2025 തീയതി തീർപ്പായിട്ടുള്ളതും ബഹുമാനപെട്ട കോടതിയുടെ ഉത്തരവ് പ്രകാരം Ext. P 5 അപേക്ഷ ഹർജിക്കാരിയുടെ ഭാഗം കേട്ടും, പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുണ്ട് എന്ന് കണക്കാക്കിയും തീർപ്പാക്കാൻ നിർദ്ദേശിച്ച ഉത്തരവായിട്ടുള്ളതാണ്.

1. ഹർജിക്കാരി HSA-ൽ 27/07/2006 മുതൽ അഡിഷണൽ പോസ്റ്റ് ഒഴിവിലേക്ക് നിയമിപ്പിക്കപ്പെട്ടു. എന്നാൽ ടി നിയമനം 24/07/2007 മുതൽ മാത്രമാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചത്. 27/07/2006 മുതൽ 23/07/2007 വരെയുള്ള നിയമനം അംഗീകരിച്ചില്ല. പരാമർശം (1) പ്രകാരം മാനേജർ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിച്ചുകൊള്ളാം എന്നു സമ്മതിച്ച നോട്ടോറൈസ്ഡ് അണ്ടർടേക്കിങ് നല്കാത്തതിനാലാണ് നിയമനം അംഗീകരിക്കാതിരുന്നത്.

2. ഹർജിക്കാരിയുടെ നിയമനത്തിനുള്ള അംഗീകാരം നിരസ്സിച്ചതിന്റെ പ്രധാന കാരണം G.O.(P) No.317/2005/G.Edn പ്രകാരമുള്ള സർക്കാർ 17.8.2005-ലെ അധിക ഡിവിഷൻ ഒഴിവുകളിൽ

അധ്യാപകരുടെയും അനധ്യാപക ജീവനക്കാരുടെയും നിയമനം നിരോധിച്ചു. പിന്നീട്, പരാമർശം (1), ചില നിബന്ധനകൾക്ക് വിധേയമായി നിയമന നിരോധനം നീക്കി. പരാമർശം (1) പ്രകാരം ആവശ്യപ്പെടുന്ന ബോണ്ട് മാനേജർ അഥവാ നോട്ടറൈസ്ഡ് കൺസെൻ്റ് നൽകിയില്ല എന്നുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈകോടതിയുടെ ഡിവിഷൻ ബെഞ്ച് judgement dated 26.07.2017 in WA No. 2592/2015 പ്രകാരം മാനേജർ ബോണ്ട് നൽകിയിട്ടില്ല എങ്കിലും ആയതു നൽകിയതായി പരിഗണിച്ച് അധ്യാപകരുടെ നിയമനം അംഗീകരിക്കാൻ ഉത്തരവ് ആയിട്ടുള്ളതാണ്. ടി വിധി തുടർന്നുള്ള നിരവധി വിധിന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചു വരുന്നതാണ്.

3. ടി വിധിയിൽ പരാമർശിച്ചിട്ടുള്ളപോലെയുള്ള ബോണ്ട് ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ കെട്ടിവെക്കാത്തതിനാലാണ് ടിയാന് 27/07/2006 മുതൽ 23/07/2007 വരെയുള്ള നിയമനം അംഗീകരിക്കാതെ പോയത്. മേൽ പറഞ്ഞ 2010-2011 കാലയളവിലെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് കോർപ്പറേറ്റ് മാനേജരുടെ ബോണ്ട് നോക്കേണ്ട ആവശ്യകത ഇല്ലെന്ന് മേൽ ഹൈക്കോടതി ഉത്തരവുകളിലൂടെ വ്യക്തമാണ്.

4. കൂടാതെ സർക്കാർ നിലപാട് പ്രകാരം, പുതുതായി തുറന്ന സ്കൂളിൽ, ഒഴിവുകൾ പ്രൊട്ടക്റ്റഡ് ഹാൻഡ്സിന് നിയമിക്കണം, എന്നാൽ മാനേജർ അതു ചെയ്തിരുന്നില്ല ; എന്നാൽ കോടതി ഉത്തരവുകളും നിയമങ്ങളും പരിശോധിച്ചതിനുശേഷം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി judgement dated 04.08.2011 in WP No. 28577/2008 പ്രകാരം ഒരു യോഗ്യ അധ്യാപകനെ നിയമിച്ചാൽ, പ്രൊട്ടക്റ്റഡ് ഹാൻഡ്സ് നിയമിക്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ അംഗീകാരം നീട്ടിവയ്ക്കാൻ കഴിയില്ലെന്ന് കണ്ടെത്തി, അതിനാൽ പെറ്റീഷനർമാരുടെ നിയമനം ആദ്യ നിയമനദിവസങ്ങളിൽ നിന്ന് അംഗീകരിക്കണമെന്ന് വിധിച്ചു. ടി വിധി തുടർന്നുള്ള നിരവധി വിധി ന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചു വരുന്നതാണ്.

5. കെ.ഇ.ആറി ന്റെ അധ്യായം XIV-A യുടെ R.7 അനുസരിച്ച്, "as soon as a teacher is appointed in a subject, the Manager shall immediately issue an appointment order to the teacher (in Form 27) and the appointment shall be effective from the date on which the teacher is admitted to duty, provided the appointment is duly approved." അംഗീകാരത്തെ സംബന്ധിച്ചിടത്തോളം, സാധാരണഗതിയിൽ, അത് സ്റ്റാഫ് ഫിക്സേഷൻ ഓർഡർ പ്രകാരമുള്ള ഒഴിവുകളുടെ നിലനിൽപ്പിനും തസ്തികയുടെ അനുമതിക്കും യോഗ്യത പൂർത്തീകരിച്ച് അധ്യാപക നിയമനത്തിനുള്ള യോഗ്യതയ്ക്കും അനുസൃതമായിരിക്കണം. ഈ വ്യവസ്ഥകൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ, അംഗീകാരം നൽകുന്നതിന് മറ്റെന്തെങ്കിലും നിയമപരമായ തടസ്സമില്ലെങ്കിൽ, സാധാരണഗതിയിൽ അംഗീകാരം നൽകാൻ വിസമ്മതിക്കാനാവില്ല.

6. സംരക്ഷിത അധ്യാപകരുടെ പട്ടിക മാനേജ്മെന്റിനെ അറിയിക്കേണ്ടത് വിദ്യാഭ്യാസ അതോറിറ്റിയുടെ കടമയാണ്. 19.11.2009 മുതൽ പ്രാബല്യത്തിൽ വന്ന സർക്കുലറിന് അനുസൃതമായി, സംരക്ഷിത അധ്യാപകരുടെ ലിസ്റ്റ് സുരക്ഷിതമാക്കാനും ഒരു പ്രൊട്ടക്റ്റഡ് ഹാൻഡ് നിയമനത്തിന് മുമ്പ് മറ്റ് നിയമനങ്ങൾ ഉണ്ടാവില്ല. അതിനാൽ, 19.11.2009 സർക്കുലറിന് മുതൽ മാത്രമേ പ്രാബല്യമുണ്ടാകു, എന്നത് നിലവിൽ നിയമപരമായ ഒരു നിലപാടാണ്. അതിനാൽ, സംരക്ഷിത അധ്യാപകരുടെ ഒരു ലിസ്റ്റ് നൽകാനും സംരക്ഷിത അധ്യാപകരുടെ നിയമനം നൽകാനും വിദ്യാഭ്യാസ അതോറിറ്റി ആവശ്യപ്പെടുന്നതിന് സ്കൂൾ

മാനേജരുടെ മേൽ ഒരു ചുമതലയും ഉണ്ടായിരിക്കില്ല (G.O.No.38929/09/G.Edn. dated 19.11.2009 which clarifies G.O.No.46/06/G.Edn. Dated 1.2.2006).

ആയതിനാൽ ഹൈക്കോടതിയുടെ വിധികളുടെ വെളിച്ചത്തിൽ ഹർജിക്കാരിയുടെ 27/07/2006 മുതൽ 23/07/2007 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കാൻ നിർദ്ദേശിച്ച് ഉത്തരവാകണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം.

3.പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴപ്പറയും പ്രകാരം വാദിച്ചു :

ശ്രീമതി. ജോസഫൈൻ. വി.ജെ-യെ, കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധീനതയിലുള്ള സെൻറ് അലോഷ്യസ് എച്ച്.എസ്.എസ്-ലെ 2006-2007 വർഷത്തെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധിക തസ്തികയിൽ 27.07.2006-ൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചിരുന്നു. 17.08.2005-ലെ ജി.ഒ.(പി)നം.317/05/പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

2006-2007 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവും സ്റ്റാഫ് സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ, കൊല്ലം സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്-ൽ പ്രസ്തുത വർഷം 6 എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികകളാണ് അനുവദിച്ചിരുന്നതെന്നും, ശ്രീമതി. ജോസഫൈൻ വി.ജെ ഉൾപ്പടെ 6 അധ്യാപകരാണ് സേവനം അനുഷ്ഠിച്ചിരുന്നതെന്നും ടി കാലയളവിൽ മറ്റാരുടെയും ലാവണ ക്രമീകരണം നടത്തിയിട്ടില്ലായെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പിന്നീട് ശ്രീമതി. ജോസഫൈൻ വി.ജെ-യെ ശ്രീമതി. ക്ലാര വിൻസി റ്റി.ഇ-യുടെ സ്ഥലം മാറ്റ ഒഴിവിൽ 24.07.2007 മുതൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ കൊല്ലം സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്-ൽ നിയമിക്കുകയും ടി നിയമനം 29.01.2008-ലെ ബി3/669/07 ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

27/7/2006 മുതൽ 23/7/2007 വരെയുള്ള എച്ച് എസ് റ്റി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം അംഗീകരിയ്ക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. 2006-07 വർഷത്തെ എച്ച് എസ് ടി (ഇംഗ്ലീഷ്) അധിക തസ്തികയിലാണ് മാനേജർ 27.07.2006 മുതൽ ശ്രീമതി.ജോസഫൈൻ വി ജെ യെ നിയമിച്ചിട്ടുള്ളത്. 2006-07 മുതൽ 2009-10 വരെയുള്ള അധ്യയന വർഷങ്ങളിൽ അധിക തസ്തിക അനുവദിക്കുന്നതിനു സർക്കാർ വിലക്ക് ഏർപ്പെടുത്തിയിരുന്നു.

പരാമർശം (1), പരാമർശം (2) എന്നിവ പ്രകാരം ഇത്തരത്തിൽ നടത്തിയ നിയമനങ്ങൾക്ക് തുല്യ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതാണ് എന്ന വ്യവസ്ഥ സഹിതം മാനേജർ ബോണ്ട് സമർപ്പിക്കുന്ന പക്ഷം അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതാണ്. ഇത്തരത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണം എന്ന വ്യവസ്ഥ സംബന്ധിച്ച കേസ് ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. എന്നാൽ ഇത്തരത്തിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പരിശോധിച്ചു സർക്കാർ ആംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സർക്കാർ

പൊതു ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

ഇത്തരം കേസുകളിൽ സർക്കാർ നിലവിലെ ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിയമനങ്ങൾ അംഗീകരിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി നിയമനവും അപ്രകാരം പരിഗണിയ്ക്കാവുന്നതാണെന്നുള്ള വിവരം സർക്കാരിനെ അറിയിച്ചുകൊള്ളുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. ജോസഫൈൻ.വി.ജെ കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ അധികാര പരിധിയിലുള്ള കൊല്ലം സെന്റ് അലോഷ്യസ് സ്കൂളിൽ സേവനമനുഷ്ഠിച്ച 27.07.2006 മുതൽ 23.07.2007 വരെയുള്ള കാലയളവിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധിക തസ്തികയിലെ നിയമനം അംഗീകരിക്കണം എന്നതാണ് ആവശ്യം. 2006-2007 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം കൊല്ലം സെൻറ് അലോഷ്യസ് എച്ച്.എസ്.എസ്-ൽ 6 എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. കൊല്ലം കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജർ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന ബോണ്ട് സമർപ്പിച്ചിട്ടില്ല എന്നതാണ് ടിയാരിയുടെ നിയമനം അംഗീകരിക്കുന്നതിന് തടസ്സമാകുന്നത്. എന്നാൽ ടിയാരി ഉൾപ്പെടെ ആറ് അധ്യാപകർ മാത്രം എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ ടി കാലയളവിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതിനാൽ ശ്രീമതി. ജോസഫൈന് തസ്തിക ലഭ്യമാണ്.

കൊല്ലം സെൻ്റ് അലോഷ്യസ് എച്ച്.എസ്.എസ്-ൽ 27/07/2006 മുതൽ 23/07/2007 വരെ തസ്തിക ലഭ്യമാണെന്ന് കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സമാന കേസുകളിലെ മാതൃക പിന്തുടർന്ന് 'Deeming Provision' പ്രകാരം ശ്രീമതി ജോസഫൈൻ.വി.ജെ - യുടെ 27/07/2006 മുതൽ 23/07/2007 വരെയുള്ള നിയമനത്തിന് അംഗീകാരം നൽകി അപ്രകാരം കൊല്ലം ഇരവിപുരം ജി.വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ(ഇംഗ്ലീഷ്) ആയി ജോലിചെയ്യുന്ന ശ്രീമതി. ജോസഫൈൻ.വി.ജെ - യുടെ കൊല്ലം സെൻ്റ് അലോഷ്യസ് എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ. ആയിരുന്ന കാലയളവിലെ നിയമന അംഗീകാരത്തിനായി ഫയൽ ചെയ്ത WP(C)No.23662/2024 കേസ്സിന്മേൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച 20.11.2024 തീയതിയിലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി ജോസഫിൻ വി.ജെ, എച്ച്.എസ്.എ (ഇംഗ്ലീഷ്),

ജി.വി.എച്ച്.എസ്.എസ്,ഇരവിപുരം,കൊല്ലം

എച്ച് എം, സെൻ്റ് അലോഷ്യസ് എച്ച്.എസ്.എസ്, കൊല്ലം

എച്ച് എം, ജി.വി.എച്ച്.എസ്.എസ്,ഇരവിപുരം,കൊല്ലം

കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ , ബിഷപ്പ് ഹൗസ്, തങ്കശ്ശേരി, കൊല്ലം.

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/598/2025-G.EDN dated : 16.01.2026)

വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 21-02-2026 14:24:40